**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ മേഖലയിൽ ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ,<br>ശ്രീ . പി . കെ . ശശി ,<br>ശ്രീ ഐ. ബി. സതീഷ് ,<br>ശ്രീ വി. കെ. സി. മമ്മത് കോയ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിൽ നിലവിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം ലഭ്യമാണെന്നും ഈ സർക്കാർ എത്ര പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയെന്നും അറിയിക്കാമോ; | (എ) | ഗ്രാമീണ മേഖലയിൽ നിലവിൽ 33% കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം ലഭ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 11.33 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | 2024-ഓടെ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശമാക്കാമോ; എത്ര കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കാനായിട്ടുണ്ടോ; | (ബി) | 2024 -ഓടെ രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകളിലൂടെ കുടിവെള്ളം ലഭ്യമാക്കാനായുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തും എല്ലാ ഗ്രാമീണ വീട്ടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2024 -ഓടെ ഏകദേശം 50 ലക്ഷത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ മാർഗരേഖ പ്രകാരം പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 21.64 ലക്ഷം കണക്ഷനുകൾ നൽകാനുള്ള 6765.25 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ നിർവഹണ മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ; ആദ്യഘട്ടത്തിൽ എത്ര പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്; | (സി) | പദ്ധതിയുടെ നിർവ്വഹണ മാർഗരേഖ തയ്യാറാക്കി യിട്ടുണ്ട്. ആദ്യഘട്ടത്തിൽ 716 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | ഓരോ പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും ആവശ്യകതയും നിർണയിച്ച് ആസൂത്രണം | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| | ശാസ്ത്രീയമാക്കാൻ ജലബജറ്റ് എന്ന രീതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ